പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 662 | 04.04.2018-ൽ മറുപടിക്ക്

## മലബാർ പ്രദേശത്തെ ദേശീയപാത വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>,, സി.മമ്മൂട്ടി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ജനങ്ങൾ ഏറെ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ചിലർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയപാത വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 17 (പുതിയ എൻഎച്ച് 66) നാലുവരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ ജനപ്രതിനിധികളുമായും ഭൂമി ഏറ്റെടുക്കേണ്ട സ്ഥലത്തെ ഭൂവുടമകളുമായും പലതവണ ചർച്ചകൾ നടത്തിയിരുന്നു. കൂടാതെ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം, ഭൂമി ഏറ്റെടുക്കൽ പ്രശ്നം പരിഹരിക്കാൻ കോട്ടക്കലിൽ വച്ച് ഡെപ്യൂട്ടി കളക്ടർ എൽ.എ എൻ.എച്ച് മലപ്പുറം, മലപ്പുറത്തെ എല്ലാ പഞ്ചായത്ത് അധികാരികളുമായും ചർച്ച നടത്തിയിരുന്നു. |
| (ബി) ദേശീയപാതയുടെ പുതിയ അലൈൻമെന്റ് അശാസ്ത്രീയമാണെന്ന ആക്ഷേപം പരിശോധിക്കുമോ; | (ബി) NHAI തയ്യാറാക്കിയ അലൈൻമെന്റ് സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളു മായി നടത്തിയ യോഗത്തിൽ ഉണ്ടായ നിർദ്ദേശവും അഭിപ്രായവും മാനിച്ചാണ് മലപ്പുറം ജില്ലയിലെ ദേശീയപാത 17-ന്റെ നാലുവരി പാതയാക്കുന്നതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയത്. ടെക്നിക്കൽ പാരമീറ്ററുകൾ കണക്കിലെടുത്ത് ശാസ്ത്രീയമായ പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചതാണ്. മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച അലൈൻമെന്റിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. പള്ളിയും ക്ഷേത്രങ്ങളും ഉൾപ്പെടുന്ന ഭാഗങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ അശാസ്ത്രീയമായ ഒന്നും ഇതിൽ ഉണ്ടായിട്ടില്ല. |
| (സി) കൊച്ചി മെട്രോക്ക് സ്ഥലം ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം നൽകിയ രീതിയിൽ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ; | (സി) RFCTLARR Act 2013 & Amendment (Ordinance ) 2015 പ്രകാരമാണ് ഭൂമി നഷ്ടപ്പെട്ട ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. LARR 2013 പ്രകാരം രേഖപ്രകാരമുള്ള കമ്പോളവിലയെ അർബൻ മേഖലയിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 2 വരെയുള്ള ഗുണന ഘടകം കൊണ്ട് ഗുണിച്ച |

| | |
|---|---|
| | കിട്ടുന്ന തുകയും അതിന്റെ 100% സോലേഷ്യവും കൂട്ടിയാണ് ഭൂമിയുടെ വില കണക്കാക്കുന്നത്. ഗുണന ഘടകം രണ്ടുവരുന്ന ഭാഗങ്ങളിൽ ഇതനുസരിച്ച് മൂന്നിരട്ടിവരെ ലഭിക്കുന്നതാണ്. ഇതിനു പുറമേ 3A വിജ്ഞാപനം ഇറങ്ങിയതിനു ശേഷം കൈവശാവകാശം മാറി നൽകുന്നതുവരേയോ, പണം കൈമാറുന്നതുവരേയോ (ഏതാണോ ആദ്യം അതുവരെ) 12% അധിക തുകയും നൽകും. കെട്ടിടം ഉൾപ്പെടെയുള്ള ചമയങ്ങൾക്ക് അതിന്റെ വിലയും കണക്കാക്കി നൽകുന്നതാണ്. |
| (ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കകളും പരാതികളും അടിയന്തരമായി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ. ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും. എങ്കിലും ആശങ്കകൾ പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടം നേരിട്ട് ഭൂവുടമകളുമായി ചർച്ച ചെയ്യുന്നുണ്ട്. അവരുടെ യോഗം പഞ്ചായത്തു തലത്തിൽ വിളിച്ചു ചേർക്കുന്നുണ്ട്. നഷ്ടപരിഹാരത്തെക്കുറിച്ചും അലൈൻമെന്റ് സംബന്ധിച്ചും വിശദീകരണം നൽകുന്നുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സാധ്യമായതെല്ലാം ഈ സർക്കാർ ചെയ്യുന്നുണ്ട്. 3.4.18-ന് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥതല യോഗം സർക്കാർ വിളിച്ചു ചേർക്കുകയുണ്ടായി. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി നിയമസഭയിൽ ബഹു.എം.എൽ.എ ശ്രീ.കെ.എൻ.എ. ഖാദർ ഉന്നയിച്ച സബ്മിഷന്റെ മറുപടിയിൽ പറഞ്ഞതനുസരിച്ച് ഔദ്യോഗിക രാഷ്ട്രീയ കക്ഷികളുടെ സംയുക്തയോഗവും ചേരുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ